# Password

## The Iconic Imagination

## 2023-24




GHSS CHITTARIPARAMBA


GHSS CHITTARIPARAMBA


ഹയർസെക്കണ്ടറി സ്കൂൾ ചിറ്റാരിപ്പറമ്പ്. തലശ്ശേരി









# സന്ദേശം

വിദ്യാർത്ഥികളിലെ ഡിജിറ്റൽ പരിജ്ഞാനം
വർദ്ധിപ്പിക്കാൻ സഹായിക്കുന്ന ലിറ്റിൽ
കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക്
എല്ലാവിധ സഹായവും സഹകരണവും
വാഗ്ദാനം ചെയ്യുന്നു ....... ഒപ്പം ലിറ്റിൽ
കൈറ്റ്സിന്റെ 2022-25 ബാച്ച് തയ്യാറാക്കുന്ന
ഡിജിറ്റൽ മാഗസിന് എല്ലാവിധ
ആശംസകളും നേരുന്നു .




ഷാജി വി എം
ഹെഡ് മാസ്റ്റർ

PassWord



# സന്ദേശം

ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂൾ ചിറ്റാരിപ്പറമ്പിലെ ഹൈസ്കൂൾ വിഭാഗം ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രകാശിപ്പിക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും അർപ്പിക്കുന്നു




Sreejith Pulappadi

Principal



# സന്ദേശം

കുട്ടികളുടെ ഐടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ ചിറ്റാരിപ്പറമ്പ് യൂണിറ്റ് തയ്യാറാക്കുന്ന ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു

പി പ്രമോദ്

PTA President

# Chief Editor



Salmanul Faris
(9B)

# Editorial Board



Muhammed Ibnu Saleem
(9D)




Muhammed safwan
(9A)



Muhammed Abiyan
9(A)



Jabeena Fathima
(9A)



Fidha Fathima
(9A)



Risla Minha
(9A)

# 2023- 24 വർഷത്തെ പ്രവർത്തന റിപ്പോർട്ട്

ഹൈടെക് വിദ്യാലയങ്ങളിലെ കുട്ടികളുടെ ഐ ടി കൂട്ടായ്മയായ ലിറ്റിൽ കൈറ്റ്സിന്റെ യൂണിറ്റ് ചിറ്റാരിപ്പറമ്പ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ പ്രവർത്തിച്ചുവരുന്നു. ആനിമേഷൻ ,പ്രോഗ്രാമിംഗ് ,മൊബൈൽ ആപ്പ്, റോബോട്ടിക്സ് തുടങ്ങി വിവരസാങ്കേതികവിദ്യയിലെ വ്യത്യസ്ത മേഖലകളിൽ കുട്ടികൾക്ക് ആഴമേറിയ അറിവ് പകരാൻ ലിറ്റിൽ കൈറ്റ് സഹായിക്കുന്നു.അഭിരുചി പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെട്ട 119 കുട്ടികൾ 3 യൂണിറ്റുകളിലായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങളാണ് .

## പ്ലസ് വൺ അഡ്മിഷൻ ഹെൽപ് ഡെസ്ക്

പ്ലസ് വൺ അഡ്മിഷനുമായി ബന്ധപ്പെട്ട വിദ്യാർത്ഥികൾക്ക് ഉണ്ടാകുന്ന സംശയങ്ങൾ ദൂരീകരിക്കുന്നതിനും ഓൺലൈൻ അപേക്ഷ സമർപ്പണത്തിന് സഹായിക്കുന്നതിനായി ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഹെൽപ് ഡെസ്ക് 5/ 6 /2023 ന് സ്കൂളിൽ സംഘടിപ്പിച്ചു .ഈ വർഷം എസ്എസ്എൽസി പരീക്ഷ വിജയിച്ച ഇരുപതോളം വിദ്യാർഥികൾക്ക് ഹെൽപ് ഡെസ്ക് സഹായകമായി.

## അഭിരുചി പരീക്ഷ

2023-26 ബാച്ചിന്റെ തെരഞ്ഞെടുപ്പിനായുള്ള അഭിരുചി പരീക്ഷ 2023 ജൂൺ 13ന് നടന്നു .20 കമ്പ്യൂട്ടറുകളിലായി പരീക്ഷാ സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്യുകയും നാലു ബാച്ചുകളിലായി പരീക്ഷ നടത്തുകയും ചെയ്തു .പരീക്ഷയിൽ പങ്കെടുത്ത 67 പേരിൽ 59 പേരും കട്ട് ഓഫ് മാർക്കിന് മുകളിൽ സ്കോർ നേടി. ഉയർന്ന മാർക്ക് വാങ്ങിയ 40 പേരെ ഉൾക്കൊള്ളിച്ചുകൊണ്ട് പുതിയ യൂണിറ്റ് ആരംഭിച്ചു .



## പ്രിലിമിനറി ക്യാമ്പ്

2023 -26 ബാച്ചിന്റെ പ്രവർത്തനത്തിന് തുടക്കം കുറിച്ചു കൊണ്ടുള്ള ക്യാമ്പ് 21/ 7/23 നടന്നു .കണ്ണൂർ കൈറ്റിലെ മാസ്റ്റർ ട്രെയിനർ ആയ ശ്രീ സജിത്ത് കോമത്ത് ക്യാമ്പിന് നേതൃത്വം

നൽകി യൂണിറ്റ് അംഗങ്ങളായ 40 പേരും ക്യാമ്പിൽ പങ്കെടുത്തു. രാവിലെ 9 .30 മുതൽ വൈകുന്നേരം 4 മണി വരെ നടന്ന ക്യാമ്പിൽ ആനിമേഷൻ സോഫ്റ്റ്‌വെയറായ ഓപ്പൺ ടൂൺസ് ,പ്രോഗ്രാമിങ് സോഫ്റ്റ്‌വെയറായ സ്ക്രാച്ച് ,ആർഡ്വിനോ ബ്ലോക്കിലി തുടങ്ങി വിവിധ മേഖലകളും ലിറ്റിൽ കൈറ്റ്സുമായി ബന്ധപ്പെട്ട പൊതുകാര്യങ്ങളും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ചുള്ള ഗെയിമുകളും ഉൾക്കൊള്ളിച്ചിരുന്നു .ഐടി മേഖലയിലേക്ക് കുട്ടികളുടെ താല്പര്യം വർധിപ്പിക്കാനുതകുന്നതായിരുന്നു പ്രൈമറിക്യാമ്പ്.വിവിധ ഗെയിമുകളിൽ വിജയിച്ചവർക്കുള്ള സമ്മാനദാനവും ക്യാമ്പിന്റെ അവസാനം നടക്കുകയുണ്ടായി .

## സ്കൂൾതല ക്യാമ്പ്

2022 -25 ബാച്ചിന്റെ സ്കൂൾതല ക്യാമ്പ് 2/9 /23 ന് നടന്നു .യൂണിറ്റിലെ 39 അംഗങ്ങളും ക്യാമ്പിൽ പങ്കെടുത്തു. കണ്ണൂർ കൈറ്റിലെ മാസ്റ്റർ ട്രെയിനർ സജിത്ത് മാസ്റ്റർ ക്യാമ്പിന് നേതൃത്വം നൽകി. ആനിമേഷൻ ,പ്രോഗ്രാമിംഗ് മേഖലയിലെ നൂതന സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി കൊണ്ടുള്ള പ്രവർത്തനങ്ങൾ കുട്ടികളെ ആവേശം കൊള്ളിക്കുന്നതായിരുന്നു. ഓപ്പൺ ടൂൺസ് ഉപയോഗിച്ചുള്ള ഊഞ്ഞാലാട്ടം ,സ്ക്രാച്ച് പ്രോഗ്രാമിംഗ് ഉപയോഗിച്ചുള്ള പൂക്കളമത്സരം എന്നിവ വളരെ രസകരമായി കുട്ടികൾ ചെയ്തു .സ്കൂൾതല ക്യാമ്പിന്റെ തുടർ പ്രവർത്തനം എന്ന നിലയിൽ കുട്ടികൾക്ക് അസൈൻമെന്റ് നൽകുകയുണ്ടായി .ക്യാമ്പിലെ പ്രവർത്തനങ്ങളുടെയും അസൈൻമെൻറ് പൂർത്തീകരണത്തിന്റെയും അടിസ്ഥാനത്തിൽ എട്ടു കുട്ടികളെ സബ്ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുത്തു .

## സബ് ജില്ലാ ക്യാമ്പ്

2022-25 ബാച്ചിന്റെ സബ്ജില്ലാ ക്യാമ്പ് ഡിസംബർ 28 ,29 തീയതികളിൽ കൂത്തുപറമ്പ് ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ വച്ച് നടന്നു .തെരഞ്ഞെടുക്കപ്പെട്ട എട്ട് വിദ്യാർഥികളും ക്യാമ്പിൽ സജീവമായി പങ്കെടുത്തു. സബ്ജില്ലാ ക്യാമ്പിലെ മികച്ച പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ 9Bക്ലാസ്സിലെ സൽമാനുൽ ഫാരിസിനെ ജില്ലാ ക്യാമ്പിലേക്ക് തിരഞ്ഞെടുത്തു .

## റുട്ടീൻ ക്ലാസുകൾ

8,9 ക്ലാസുകളിലെ LKഅംഗങ്ങൾക്കായി എല്ലാ ബുധനാഴ്ചയും 3. 30 മുതൽ 4 .30 വരെയുള്ള സമയത്ത് ക്ലാസുകൾ എടുക്കുന്നു. കൂടാതെ സാങ്കേതിക ഉപകരണങ്ങൾ കൂടുതൽ ഉപയോഗിച്ചിട്ടുള്ള റോബോട്ടിക്, മീഡിയ ഡോക്യുമെന്റേഷൻ എന്നിവയുടെ ക്ലാസുകൾ ശനിയാഴ്ചകളിലും എടുക്കാറുണ്ട്.സിലബസ് പ്രകാരം നിർദേശിച്ചിരിക്കുന്ന മുഴുവൻ ക്ലാസുകളും കൃത്യമായി പൂർത്തീകരിക്കാറുണ്ട്.

## എക്സ്പേർട്ട് ക്ലാസ്

നമ്മുടെ സ്കൂളിലെ തന്നെ ചിത്രകലാധ്യാപകനും പ്രശസ്ത ശില്പിയും ഐ ടി എക്സ്പേർട്ടുമായ ശ്രീ രമേശ് പൂക്കാട് സാർ കുട്ടികൾക്കായി ഡിജിറ്റൽ പെയിന്റിങ്ങുമായി ബന്ധപ്പെട്ട ക്ലാസുകൾ എടുക്കാറുണ്ട്. ഈ ക്ലാസുകളിലൂടെ ഗ്രാഫിക് മേഖലയുമായി ബന്ധപ്പെട്ട കൂടുതൽ കാര്യങ്ങൾ വ്യക്തമായി പഠിക്കാൻ കുട്ടികൾക്കു സാധിച്ചിട്ടുണ്ട് .

## ഫ്രീഡംഫെസ്റ്റ് 2023

കേരള ഗവൺമെന്റ്ന്റെ നേതൃത്വത്തിൽ സ്വതന്ത്ര സോഫ്റ്റ്‌വെയറിന്റെ പ്രചരണാർത്ഥം സംഘടിപ്പിച്ച ഫ്രീഡം ഫെസ്റ്റിന്റെ ഭാഗമായി യൂണിറ്റ് 2023 ഓഗസ്റ്റ് 7 മുതൽ 12 വരെ ഫ്രീഡം ഫസ്റ്റ് സംഘടിപ്പിച്ചു ഡിജിറ്റൽ പോസ്റ്റർ രചന മത്സരം ,ഐ ടി കോർണർ, ബോധവൽക്കരണ ക്ലാസ് തുടങ്ങിയവയായിരുന്നു പ്രധാന പ്രവർത്തനങ്ങൾ. സ്വതന്ത്ര വിജ്ഞാനോത്സവവുമായി ബന്ധപ്പെട്ട ഡിജിറ്റൽ പോസ്റ്റർ മത്സരം നടത്തുകയും തിരഞ്ഞെടുക്കപ്പെട്ട പോസ്റ്ററുകൾ സ്കൂൾ വിക്കിയിൽ അപ്‌ലോഡ് ചെയ്യുകയും ചെയ്തു .

## റോബോ ഫെസ്റ്റ്2023

റോബോട്ടിക്സ് മേഖലകളിലെ സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ ഉപയോഗപ്പെടുത്തിയുള്ള റോബോഡൈസ് ,റോബോ ഹെൻ, ഓട്ടോമാറ്റിക് സ്ട്രീറ്റ് ലൈറ്റ് ,ഡാൻസിങ് എൽഇഡി ,ലെമൺ സ്പൂൺ,ജമ്പിങ് ക്യാറ്റ് എന്നിവയാണ് റോബോ എക്സ്പോയിൽ ഉണ്ടായിരുന്നത്. കാർട്ട് പുള്ളിങ്ങ് മാൻ ,സ്പിന്നിംഗ് ക്രാഡിൽ തുടങ്ങിയവ ഫെസ്റ്റിന്റെ ആകർഷകത്വം വർദ്ധിപ്പിച്ചു .എൽ പി മുതൽ ഹൈസ്കൂൾ വരെയുള്ള 1500 ഓളം വിദ്യാർത്ഥികളും 50 ഓളം അധ്യാപകരും എക്സിബിഷന്റെ ഭാഗമായി. മൂന്ന് ദിവസങ്ങളിലായി നടന്ന ഫെസ്റ്റ് സോഫ്റ്റ്‌വെയർ പ്രചരണത്തിന് മുതൽക്കൂട്ടായി. ഫ്രീഡം ഫെസ്റ്റുമായി ബന്ധപ്പെട്ട് യുപി ,ഹൈസ്കൂൾ ക്ലാസുകളിലെ മുഴുവൻ വിദ്യാർഥികൾക്കും



കൈറ്റ് തയ്യാറാക്കിയ മോഡ്യൂൾ പ്രകാരം ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു



## രക്ഷിതാക്കൾക്കുള്ള കമ്പ്യൂട്ടർ ക്ലാസ്

കമ്പ്യൂട്ടർ നിരക്ഷരരായ രക്ഷിതാക്കൾക്ക് കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട അടിസ്ഥാന കാര്യങ്ങൾ പരിചയപ്പെടുത്തുന്നതിനുള്ള ക്ലാസും കൂടാതെ സൈബർ സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട ക്ലാസും നൽകുകയുണ്ടായി. പങ്കെടുത്ത രക്ഷിതാക്കൾ ക്ലാസ് വളരെ ഉപകാരപ്രദമായിരുന്നു എന്നും ഇനിയും ക്ലാസുകൾ വേണമെന്ന് അഭിപ്രായം അറിയിക്കുകയുമുണ്ടായി .

## ഡോക്യുമെന്റേഷൻ

പ്രവേശനോത്സവം മുതൽ സ്കൂളിൽ നടക്കുന്ന ഓരോ പ്രവർത്തനങ്ങളുടെയും ഡോക്യുമെന്റേഷൻ കൃത്യമായി ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിവരുന്നു .

## ഹൈടെക് ഉപകരണങ്ങളുടെ സംരക്ഷണം

18 ക്ലാസ് റൂമിലെയും ഐടി ലാബിലെയും ഹൈടെക് ഉപകരണങ്ങൾ സുരക്ഷിതമായി സംരക്ഷിക്കാൻ ആവശ്യമായ കാര്യങ്ങൾ കുട്ടികൾ ചെയ്തു വരുന്നു. കൂടാതെ ആഴ്ചയിലൊരിക്കൽ വ്യത്യസ്ത ഗ്രൂപ്പുകളായി തിരിഞ്ഞ് ഐടി ലാബ് വൃത്തിയാക്കുന്നതും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തന്നെയാണ് ..

ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾക്ക് പൂർണ്ണ പിന്തുണയുമായി എന്നും നമ്മോട് സഹകരിക്കുന്ന ഹെഡ് മാസ്ററർ ശ്രീ ഷാജി വി എം, മറ്റ് അധ്യാപകർ ,പി ടി എ തുടങ്ങി മുഴുവൻ അഭ്യുദയകാംക്ഷികൾക്കും നന്ദി പറഞ്ഞു കൊണ്ട് ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

# ജനുവരിയിൽ നഷ്ടപ്പെട്ട നമ്മുടെ സ്ക്കൂളിന്റെ താക്കോൽ

## ഒരു ഓർമ്മക്കുറിപ്പ്


ഇത് ചിലരുടെ ദിലീശൻ.... മറ്റ് ചിലരുടെ ദിലി .......ഒരുപാട് പേരുടെ ദിലീശേട്ടൻ ......2010 മുതൽ ചിറ്റാരിപ്പറമ്പ് സ്ക്കൂളിലെ താക്കോൽ ആയിരുന്നു ഇദ്ദേഹം...



ദിലീശേട്ടൻ അറിയാത്ത... അല്ല ദിലീശേട്ടനെ അറിയാത്ത ഒരു മുള്ളാണി പോലും ഉണ്ടാവില്ല ഈ സ്ക്കൂളിൽ.... സ്ക്കൂളിലെ ആർക്കും (അധ്യാപകരാവട്ടെ വിദ്യാർഥികൾ ആകട്ടെ) എന്താവശ്യം വന്നാലും ആദ്യം വിളിക്കുക ദിലീശേട്ടാ എന്നായിരിക്കും ....ആ വിളിയുടെ അർത്ഥം മനസ്സിലാക്കാനും ആവശ്യം നടത്തി കൊടുക്കാനും അദ്ദേഹത്തിനു മാത്രമേ കഴിയൂ....

എന്നും രാവിലെ 8 . 15 ആകുമ്പോഴേക്കും സ്ക്കൂളിലെത്തി തന്റെ ഡ്യൂട്ടി തുടങ്ങും ദിലീശേട്ടൻ.... എന്തെങ്കിലും ആവശ്യങ്ങൾക്കായി (ശാസ്ത്രമേള ,കലോത്സവം) രാവിലെ നേരത്തെ എത്തണമെന്ന് പറഞ്ഞാൽ എത്ര നേരത്തെ എത്താനും ദിലീശേട്ടൻ റെഡിയാണ്....

8:45 നു ഗേറ്റ് കടന്നുവരുമ്പോൾ എന്നും ഞാൻ കാണുന്നത് തന്നെക്കാൾ വലിയൊരു ചൂലും എടുത്ത് ഓഫീസിനു മുൻവശം വൃത്തിയാക്കുന്ന ദിലീശേട്ടനെയാണ് .....പക്ഷേ രാവിലെ കാണുന്ന ചൂല് എന്നെ ഒരിക്കലും അലോസരപ്പെടുത്തിയിരുന്നില്ല...... കാരണം ചൂലിനേക്കാൾ എന്നും ശ്രദ്ധിച്ചിരുന്നത് അത് പിടിച്ചിരുന്ന കുഞ്ഞുവിരലുകളെയും ,മുഖത്ത് വിടർന്ന് നിൽക്കുന്നചിരിയുമായിരുന്നു.....എന്നും രാവിലെ കാണുന്ന ആ മുഖം തന്നിരുന്നത് ആ ദിവസം മുഴുവൻ നിൽക്കുന്ന സന്തോഷമായിരുന്നു....



ഓഫീസിലെ ഏത് ഫയലും എവിടെയൊക്കെയാണ് എന്നത് ഏറ്റവും നന്നായി അറിയുന്നത് ദിലീശേട്ടനായിരുന്നു .. ലിറ്റിൽ കൈറ്റ്സിന്റെ ഫയൽ ,വിദ്യാകിരണത്തിന്റെ രജിസ്റ്റർ എന്നൊക്കെ ചോദിച്ച് ഇടയ്ക്ക് ചെല്ലുമ്പോഴൊക്കെ ഓടിനടന്ന് അലമാര തുറന്ന് നിമിഷനേരത്തിനുള്ളിൽ അത് മുന്നിൽ എത്തിച്ചിരിക്കും ഇദ്ദേഹം... അപ്പോഴൊക്കെ, അത്ഭുതവിളക്കിൽ നിന്ന് പുറത്തുവന്ന ഭൂതത്താൻ ആണോ ഇത് എന്ന് ഞാൻ ചിന്തിക്കാറുണ്ട്....

ഏത് സാധനവും വളരെ വൃത്തിയായി അടുക്കി പെറുക്കി വെക്കുന്നത് ദിലീശേട്ടന്റെ ശീലമായിരുന്നു ...ഒരുപാട് നല്ല കാര്യങ്ങൾ  അദ്ദേഹത്തിൽ നിന്ന് പഠിക്കാൻ ഉണ്ടായിരുന്നു ...ശരീരത്തിന്റെ വലുപ്പത്തിൽ ഒരു കാര്യവുമില്ല, മറിച്ച് മനസ്സാണ് വലുതാകേണ്ടത് എന്ന് ദിലീശേട്ടനെ കാണുമ്പോൾ എന്നും ഓർക്കാറുണ്ട്....

ഈ ജനുവരി 16ന് രംഗബോധമില്ലാത്ത കോമാളിയായി വന്ന് മരണം ദിലീശേട്ടനെ കൊണ്ടുപോയപ്പോൾ സത്യമോ മിഥ്യയോ എന്നറിയാതെ ഒരു നിമിഷം ഹൃദയം നിലച്ചു നിന്നുപോയി .ഇനി ഒരിക്കലും ആ കുഞ്ഞു മനുഷ്യനെ, നല്ല സുഹൃത്തിനെ കാണാൻ കഴിയില്ല എന്നോർത്തപ്പോൾ കണ്ണുകൾ നിറഞ്ഞൊഴുകി....

ഭാര്യയുടെ ആരോഗ്യത്തിലുള്ള ആശങ്ക,ജോലിഭാരം കൊണ്ടുള്ള സമ്മർദ്ദം ,സാമ്പത്തിക ബുദ്ധിമുട്ട് ഇതൊക്കെ താങ്ങാൻ ആ കുഞ്ഞുഹൃദയത്തിനും ശരീരത്തിനും കഴിഞ്ഞിട്ടുണ്ടാവില്ല..........

ദൈവംസന്തോഷിക്കുന്നുണ്ടാവാം...... സ്വർഗ്ഗത്തിന്റെ താക്കോൽ ധൈര്യമായി ഏൽപ്പിക്കാൻ പറ്റിയ ഒരാളെ കിട്ടിയതിൽ.....തന്റെ കുഞ്ഞിക്കാലുകളുമായി ദിലീശേട്ടൻ അവിടെ ഓടി നടക്കുന്നുണ്ടാവാം......വലിയ മനസ്സുള്ള കുറേ പേർ അദ്ദേഹത്തിന് അവിടെ കൂട്ടുണ്ടാവും ......തീർച്ച.........

Sanitha P S
HST Physical Science
GHSS Chittariparamba



# കണ്ണ് കാണാത്ത പാവക്കുട്ടി

കവിത



അന്ധയായി അനാഥയായി...
സ്വാതന്ത്ര്യം ഇല്ലാത്തവളായി...
മൂകയായി ഏറെനാളിൽ,
ഉപേക്ഷിക്കപ്പെട്ടവളായി ...
ഉടമയില്ലാത്ത അടിമയായി...
ഉറങ്ങാത്തവളായി....
ഉടലുകൾ ചലിക്കും,
നഗ്നനേത്രം വിറക്കും ...
ചിലപ്പോൾ ചലിക്കും ,
ചിരിക്കും ,നിലയ്ക്കും .....
ചിതറിക്കിടക്കുന്ന കെട്ടു......
പഞ്ഞികൾക്കിടയിൽ,
ആരോ ആണവൾ,
നിർഭാഗ്യവതിയാണവൾ.....
അവളാരാണെന്ന് അവൾക്കു.....
പോലുമറിയില്ല...........
ഉൾക്കണ്ണുകളിലൂടെ..........
നോക്കുന്ന അവളാണ്
എല്ലാവരാലും വെറുക്കപ്പെട്ട
കണ്ണുകാണാത്ത പാവക്കുട്ടി ........



Muhammed M P
9B

# അരങ്ങേറ്റം

**കഥ**

സദസ്സിലെ അവസാനത്തെ ബെഞ്ചിൽ മോളോട് ചേർന്നിരുന്നപ്പോൾ എന്റെ കണ്ണുകൾ വേദിയിലായിരുന്നില്ല തൊട്ടടുത്ത് പാട്ടിനനുസരിച്ച് മുഖത്ത് ഭാവങ്ങൾ മാറിമറിയുന്ന മകളിലായിരുന്നു....ചെഞ്ചായം പൂശാത്ത കൈകളിൽ മുദ്രകൾ വിരിയുന്നുണ്ടായിരുന്നു." അമ്മേ ഓൾ എന്റൊപ്പം ഉണ്ടോളും... ഞാൻ ഓളെക്കാളും നന്നായി ചുവട് വെക്കുന്നു മാഷ് പറയാറ്"..."അയ് ന് തട്ടീക്കേറണേൽ അരങ്ങേറ്റം കഴിയണ്ടേ"...എന്നിലേക്ക് നീണ്ട വലിയ കണ്ണുകളിലെ ഭാവം എന്താണെന്ന് വായിക്കാൻ എനിക്ക് കഴിഞ്ഞില്ല ...ഒരിക്കലും മുറപ്പെടുത്താൽ ആകില്ല... അവൾക്കറിയാം ആരാന്റെ അടുക്കളയിലെ പുക കൊണ്ടും മമ്മദ്ക്കാന്റെ മില്ലിലെ പുക കൊണ്ടും അമ്മയുടെ ഉള്ളെത്ര നീറിയിട്ടുണ്ടെന്ന് ....എന്നിട്ടും ഈ അമ്മ സ്വപ്നങ്ങൾക്ക് താളം വരുത്താനാണ് കൊല്ലങ്ങൾക്ക് മുമ്പ് നാട്യ കലാലയത്തിന്റെ പടികൾ കയറിയത് ....അന്ന് ആദ്യമായി മാഷ് പറഞ്ഞത് ഇന്നലെയെന്ന പോലെ ഓർക്കുന്നു... "മോള് മിടുക്കിയാ... മോളെ നമുക്ക് കലാതിലകമാക്കണം."..
കൊല്ലങ്ങൾ അഞ്ചെട്ടു കടന്നു പോയപ്പോൾ അദ്ദേഹം ചോദിച്ചുകൊണ്ടിരുന്നു... "മോള് മിടുക്കിയാ... ഇക്കൊല്ലമെങ്കിലും അരങ്ങേറ്റം നടത്തണ്ടേ?" ..ഓരോ കൊല്ലവും അരങ്ങേറ്റത്തിനായി ഓടി നോക്കും ഒന്നും ഒന്നും രണ്ടാക്കുമോ ...എത്ര ചേർത്ത് വെച്ചാലും പണ്ടെങ്ങോ വായിച്ച കഥയിലെ പോലെ ഒന്നുംഒന്നും ഇമ്മിണി വലിയ ഒന്നാക്കാനേ എനിക്ക്

കഴിഞ്ഞുള്ളൂ.. ചിന്തകൾ കടന്നു കയറിയപ്പോഴാണ് ദൂരെ നിന്നും ചമയം തേച്ച ഒരു കുട്ടിയെയും കൊണ്ട് സീന ടീച്ചർ വരാന്തയിലൂടെ ഓടുന്നത് കണ്ടത് .ഞങ്ങളെ കണ്ടിട്ടാകണം തിരക്കിനിടയിലും ഓടിവന്ന് അവർ പറഞ്ഞു "സതിയുടെ അമ്മയെ ഞാൻ എത്ര വിളിച്ചു എന്നറിയോ! ..പേരു കൊടുക്കുന്നതിന്റെ തലേന്നു കൂടി അന്വേഷിച്ചു.. മോളെ പങ്കെടുപ്പിക്കാൻ.." ."ടീച്ചറേ അയ്ന് ഓള്ടെ അരങ്ങേറ്റം കഴിഞ്ഞില്ലല്ലോ" ...കേട്ട് തീർക്കാൻ സമയമില്ലാത്തതിനാലോ പതിവ് പല്ലവി ആയതിനാലോ മറ്റോ ടീച്ചർ നടന്നകന്നിരുന്നു..കൊതിയോടെ വേദിയിലേക്ക് നോക്കുന്ന മകളുടെ കൈകളിൽ ഞാൻ മുറുകെ പിടിച്ചു .."കുടുംബശ്രീയിലെ ചിട്ടീം കൂടെ പിടിച്ചാൽ ,ഇപ്പോ ഉള്ളതും അതും ചേർത്ത് മക്ക് അരങ്ങേറ്റം നടത്താം. മോള് സങ്കടപ്പെടണ്ട ട്ടോ അമ്മയില്ലേ കൂടെ ...."

**Sarfeena M P**
**Teacher**
**Kannavam UP**

## മണ്ണിന്റെ മക്കൾ



മണ്ണിന്റെ മക്കളാം കർഷകരേ.....
കാലം എത്തി വിളവെടുക്കാൻ....
എന്തിനീ മൗനം.....
നിങ്ങൾക്കെന്തിനീ മൗനം.



മണ്ണിന്റെ മക്കളാം കർഷകരെ
ഉണരൂ വേഗം...
വരൂ മണ്ണിലേക്ക് .....
മണ്ണിന്റെ സമ്മാനം
സ്വീകരിക്കൂ ....
പൊന്നു വിളയിക്കുന്ന
കൈകളേ..
വാങ്ങുക നിങ്ങൾ
മണ്ണിൻ സമ്മാനം.....
വരികയാണ് അവർ ഇന്നുതന്നെ ..
മണ്ണിന്റെ സമ്മാനം സ്വീകരിക്കാൻ....
സന്തോഷ താളം കൊട്ടി..
വിളവെടുക്കാൻ അവർ എത്തുകയായി.....
കൊക്കുകൾ നൃത്തമാടി....
കുയിലുകൾ പാടി...
കർഷകർ ആനന്ദ ഗീതമാടിയപ്പോൾ
ആഘോഷമായി വിളവെടുപ്പ്..

# She

Her blue eyes like gleaming ocean
which was filled with hopes of future
her pink lips which always formed a smile
when she meets another eye
all was gone by a night
at the speed of light
her charming smile which was the power,
to cure pain
was now giving us immense pain only
This world which she always used to
compare to heaven
was now a hell for her
all her happiness and hope
were drown into that night
they took it with them..



Veda U
10E

# നേട്ടങ്ങൾ

ഗൗതം ഹരിദാസ്



2020-23 ബാച്ച്
സംസ്ഥാന ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

പാർത്ഥിവ് റിജിത്ത്



2021-24 ബാച്ച്
ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു




2022-25 ബാച്ച്
ജില്ലാ ക്യാമ്പിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു

സൽമാനൽ ഫാരിസ്

# ചുവടുവെപ്പ്

## കഥ



മനാൽ റഫീഖ് (10A)

എടോ ജോസേ...ആ പോകുന്നത് അവൾ തന്നെയല്ലേ ? പണ്ടെങ്ങാനും ചത്തെന്ന് കേട്ടത് ഇവളെ കുറിച്ച് അല്ലയോ ?അതേ ഔസേപ്പേട്ടാ....പക്ഷേ ഈ കാണുന്നത് അവളല്ല.... അവൾ വല്ലാതെ അങ്ങ് മാറി..... അവളിപ്പോൾ ലണ്ടനിലാ.. ഭയങ്കര വലിയ ജോലിയാന്നാ കേട്ടത് .എന്താണ് ജോസേ...



ലഡുവോ?ലഡു അല്ല എന്റെ ഔസേപ്പേട്ടാ..... ലണ്ടൻ ......അതങ്ങ് വിദേശത്താണ് ....അവൾ പഠിച്ച് വലിയൊരു നിലയിൽ എത്തി.ഇപ്പോ വിദേശത്തൊക്കെ ജോലി കിട്ടി ...ജോസേ എന്തൊക്കെയാ കേൾക്കണേ! എൻറെ കാതുകൾക്ക് ഇത് വിശ്വസിക്കാൻ സാധിക്കുന്നില്ല... അവൾ നല്ല നിലയിൽ എത്താനോ?

അതെ ഇത് അവളുടെ കഥ.. അവൾ എന്ന അത്ഭുതത്തിന്റെ കഥ... ഈ ലോകം നിറയെ അത്ഭുതങ്ങളാണ്. അതിൽ ഒരു ചെറിയ അത്ഭുതമാണ് അവൾ .അവളുടെ ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കിയാൽ കല്ലുകളും മുള്ളുകളും നിറഞ്ഞ ഒരു കാടിൻ പ്രദേശത്തൂടെ സഞ്ചരിക്കും പോലെയാണ് . പക്ഷേ ആ കാടിന്റെ അവസാനം അവളെ കാത്തിരുന്നത് വലിയൊരു സ്വർഗ്ഗം തന്നെയായിരുന്നു .അവിടെ മധുരം നിറഞ്ഞ സ്വാദിഷ്ടമായ പഴങ്ങൾ ഉള്ള വൃക്ഷങ്ങൾ നിൽക്കുണ്ടായിരുന്നു ,സമാധാനത്തിന്റെ പ്രതീകമായ പ്രാവുകൾ, പക്ഷികൾ, നിറയെ

അരുവികൾ.... എന്ത് മനോഹരം.... അതാണ് അവളുടെ ലക്ഷ്യസ്ഥാനം. അതിനു വേണ്ടിയായിരുന്നു അവൾ ഈ കാട്ടിലൂടെ ഓരോ ചുവടുവെപ്പും ഭയത്തോടെയും വെപ്രാളത്തോടെയും ആകാംക്ഷയോടും മുൻപോട്ടു വച്ചത് .ഓരോ ചുവടും വെക്കുമ്പോഴും ഭയം കൂടുമായിരുന്നു ..അത്രയും ഭയാനകമായിരുന്നു ആ വഴികൾ .,എന്നിട്ടും അവൾ പിന്നോട്ടില്ല മുൻപോട്ട് എന്ന് കരുതി നീങ്ങിയത് എന്തുകൊണ്ടെന്നാൽ അവളുടെ മുറിവാർന്ന, ക്രൂരമായി മനുഷ്യ ഹൃദയങ്ങൾ മുറിവ് വരുത്തിയ ഹൃദയത്തിൽ ഒന്നേ ഉണ്ടായിരുന്നുള്ളൂ.....അവളുടെ ലക്ഷ്യം.....ഭംഗിയേറിയ സ്വപ്നം.....

ആരാണവൾ? അത്രമേൽ ഹൃദയത്തിൽ മുറിവാർന്നിട്ടും, ശരീരമാകെ തളർന്നിട്ടും, പാതിവഴിയിൽ കുഴഞ്ഞു വീണിട്ടും എഴുന്നേറ്റ് നടന്നവൾ ....ഇടയ്ക്കിടെ അവളുടെ ശരീരവും ഹൃദയവും അവളെ വേദനിപ്പിക്കാനായി ഒരേ സ്വരത്തിൽ മന്ത്രിക്കുമായിരുന്നു നിൻറെ അവസാനമടുത്തു, അല്ല നീ അവസാനിച്ചു.... പക്ഷേ അതേ ഹൃദയത്തിൽ നിന്ന് തന്നെ ഏതോ ഒരു മൂലയിൽ നിന്ന് അവൾക്ക്



കേൾക്കാമായിരുന്നു ...ഇനിയും കുറച്ച് ദൂരം മാത്രം ...പിന്നോട്ട് കണ്ണുകൾ നീക്കാതെ മുമ്പോട്ടേക്ക് മാത്രം ...നിന്റെ ലക്ഷ്യസ്ഥാനം അടുത്തിരിക്കുന്നു ...അതുകൊണ്ടായിരിക്കാം ഭൂമി ചുറ്റി നടന്നാലും തീരാത്തത്ര ദൂരമുള്ള വഴികളിൽ നിന്ന് അവളുടെ നനവാർന്ന മിഴികൾ ലക്ഷ്യസ്ഥാനത്തുറപ്പിച്ചത് .

അവളുടെ ചുവടുവെപ്പുകളിലേക്ക് ഒന്ന് കണ്ണോടിക്കാം ...അന്ന് അതായത് അവളുടെ മുറിവുണങ്ങി വരുന്ന ഹൃദയത്തിൽ രണ്ടാമതും ആരോ കത്തി കുത്തി ഇറക്കിയ



ദിവസം....ഒരു നിമിഷം ,അവളെ ....അവൾ എന്ന

നായികയെ പരിചയപ്പെടുത്താൻ മറന്നുപോയി...

പറയാം ...എല്ലാ കഥയിലും പറയുന്നതുപോലെ .....കുറച്ചു

വർഷങ്ങൾക്കു മുൻപ് സന്തോഷവും സമാധാനവും

നിറഞ്ഞ ഒരു കൊച്ചു കുടുംബം .ഇരുട്ട് എന്താണെന്നു

പോലും അറിഞ്ഞിട്ടില്ലാത്തവർ ..അവർ നാലു

പേരായിരുന്നു.... അരയന്നങ്ങളെപ്പോലെ സ്നേഹം

എന്തെന്ന് പഠിച്ചും പഠിപ്പിച്ചു കൊണ്ടിരിക്കുന്ന

മാതാപിതാക്കൾ ...അവരുടെ ഇടയിലെ സ്നേഹബന്ധത്തിന്റെ ആഴം കൂട്ടാൻ

മാത്രമായുള്ള രണ്ട് പെൺകിടാങ്ങളും ...അതിൽ ഇളയവൾ  പിച്ച വച്ചു

തുടങ്ങിയതേയുള്ളൂ .....പിന്നെ മൂത്തവൾ... ജീവിതമെന്ന സുന്ദര മുഹൂർത്തത്തിൽ

തിരിച്ചു വന്നവൾ ...അവൾ ഇപ്പോൾ അവിടെ ഓടിച്ചാടി നടക്കുകയാണ്....ആ

കൊച്ചു ലോകത്തിൽ പാറിപ്പറക്കുകയാണ് ....തന്റെ കൊച്ചു കുടുംബത്തിന് ഒപ്പം

ഉല്ലസിക്കുകയാണ് ....അവൾക്ക് ഏറ്റവും പ്രിയങ്കരം അവളുടെ

പിതാവാണ് ...ആയതിനാൽ പിതാവ് എവിടെയിറങ്ങാൻ നോക്കിയാലും

പിതാവിന്റെ കരങ്ങളോടൊപ്പം തന്റെ കരങ്ങൾ ബന്ധിതമാക്കും...പിതാവിനു

പോലും അത് വേർപ്പെടുത്താൻ സാധിക്കാറില്ല .....അവൾ എപ്പോഴും ഭയന്നിരുന്നു

തന്റെ പിതാവ് തന്നെ അകന്നു പോകുമോ എന്ന് ....അതുകൊണ്ടുതന്നെ

പിതാവിൻറെ കൂടെ ഏതുനേരവും അവൾ ഉണ്ടായിരുന്നു ....അല്ലെങ്കിലും അത്

അങ്ങനെയാണല്ലോ ആരെക്കാളും ഒരു സ്ത്രീ ഒരു പുരുഷനെ സ്നേഹിക്കുന്നുണ്ടെങ്കിൽ

അത് അവളുടെ പിതാവായിരിക്കും ....ഒപ്പം സഹോദരനെയും...പിതാവിനെയും

സഹോദരനെയും ഒരുപോലെ, മറ്റെന്തിനെക്കാളും ഉപരിയായി സ്നേഹിക്കുന്നത്

മകളാണ് ,സഹോദരിയാണ് ......ഒരു പക്ഷേ അവൾക്ക് പിതാവ് അകന്നു

പോകുമോ എന്ന ഭയം പിടിപെട്ടത് സത്യമായതു കൊണ്ടായിരിക്കാം....... ഒരു പ്രഭാതം..... പിതാവ് രാവിലെ തന്നെ മിഴികൾ തുറന്നിരുന്നു ..കൂടെ ഭാര്യയും .പക്ഷേ മക്കൾ രണ്ടുപേരും എഴുന്നേറ്റിരുന്നില്ല .അതുകൊണ്ടുതന്നെ ശബ്ദമില്ലാതെ പിതാവ് എഴുന്നേറ്റ് അവിടെ നിന്ന് മാറി... ഭാര്യ പകൽ ജോലികൾ തീർക്കാനായി അടുക്കളയിലേക്ക് പോയി...പിതാവ് പുറത്തു പോകാൻ വേണ്ടി ഒരുങ്ങി.... ഞാൻ ഇറങ്ങുകയാണ് ഇത് പറഞ്ഞു തീരും മുമ്പ് തന്നെ കരങ്ങൾ മൂത്ത മാലാഖയുടെ കരങ്ങളാൽ ബന്ധിപ്പിച്ച നിലയിലായിരുന്നു. വേറെ വഴിയൊന്നുമില്ല എന്ന് മനസ്സിലാക്കി പിതാവ് തന്റെ പൊന്നോമനയും കൂടെ കൂട്ടി .അവളുടെ ഇഷ്ട സാധനങ്ങളെല്ലാം അവളുടെ കൈ നിറയെ വാങ്ങി, കൂടെ വീട്ടു സാധനങ്ങളും ,ഭാര്യയ്ക്കും ഇളയ പൈതലിനും ഇഷ്ടമുള്ള പല വസ്തുക്കളും തന്റെ സഞ്ചിയിൽ നിറച്ചുവെച്ചു .....ശേഷം വീട്ടിലേക്ക് തിരിച്ചു നടക്കാൻ വേണ്ടി ആരംഭിച്ചു ....മാലാഖ തന്നെ കടത്തി മുമ്പോട്ട് ഓടി.. ഓടുന്നതിനിടയിൽ ഇടയ്ക്കിടെ പിതാവിനെ തിരിഞ്ഞുനോക്കാനും അവൾ മറന്നില്ല.... അങ്ങനെ പാതിവഴിയിൽ എത്തിയപ്പോൾ തിരിഞ്ഞുനോക്കി... തന്റെ പിതാവ് എന്താ അവിടെ കിടക്കുന്നെ? തന്റെ പിതാവ് ഉറക്കത്തിലേക്ക് പോയിരിക്കുന്നു ...അതെ, അവളുടെ പിതാവ് ഉറങ്ങിയിരിക്കുന്നു....

അന്ന് അവിടെ തുടക്കം കുറിച്ചു കുടുംബത്തിന്റെ ഇരുട്ട് നിറഞ്ഞ ദിനങ്ങൾ..... ആ ഭവനമാകെ നിശ്ചലമായി .....കളികൾ അവസാനിച്ചു .....അവരുടെ മാതാവിപ്പോൾ വളരെയധികം കഷ്ടപ്പെടുകയാണ് ആ കുടുംബത്തെ വളർത്താൻ ....ദിവസങ്ങൾ പിന്നിട്ടു .....ആ പിതാവിന്റെ മൂത്തക്കിടാവ് ഇപ്പോൾ പ്രായപൂർത്തിയായ ഒരു പെൺകുട്ടിയായി മാറിയിരിക്കുന്നു ....അവളുടെ അടിസ്ഥാന വിദ്യാഭ്യാസം ഒക്കെ അവസാനിച്ചിരുന്നു.... പക്ഷേ അവൾക്ക് ഇനിയും അറിവ് നേടണം എന്നായിരുന്നു ആഗ്രഹം. ഇനി അത് സാധിക്കില്ല ....അവൾ കരുതി ,തന്റെ മാതാവ് വളരെ കഷ്ടപ്പെടുന്നു തന്നെയും തന്റെ സഹോദരിയെയും

വളർത്താൻ ...അതുകൊണ്ട് ഇനി താൻ വേണം ഈ കുടുംബം പഴയതുപോലെ സന്തോഷത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ...അതാണ് തന്റെ പിതാവിൻറെ സന്തോഷം ....അവളിറങ്ങി ജോലി അന്വേഷിച്ചു ....ഓരോ വീടുകളിലും വീടുകളിലും കയറിയിറങ്ങി .....ആരും തിരിഞ്ഞു നോക്കിയതേയില്ല... അവസാനം ഒരു വീട്ടിൽ കയറിയപ്പോൾ അവിടുത്തെ വീട്ടുടമ ജോലി നൽകാമെന്ന് സമ്മതിച്ചു .. രാവിലെ തന്നെ ജോലിയിൽ കയറാം എന്ന് അവൾ അയാൾക്ക് കരാർ നൽകി ....എന്നാൽ അവൾ ഒഴികെ നാട്ടുകാർക്ക് എല്ലാം ആ വീട്ടുടമയെക്കുറിച്ച് നന്നായി അറിയാമായിരുന്നു .....അവളുടെ പിതാവിന് ആ നാട്ടിൽ ഏറ്റവും കൂടുതൽ വെറുപ്പുള്ളതും അയാളോട് ആയിരുന്നു ...എന്തെന്നാൽ ലഹരി കൊണ്ട് അടിമപ്പെട്ട് നാടിന്റെ  വില കളയുന്ന മനുഷ്യനായിരുന്നു അയാൾ ...അവൾ ആ വീട്ടിൽ കയറി ഇറങ്ങുന്നത് നാട്ടുകാർ കണ്ടിരുന്നു ....പിറ്റേദിവസം മുതൽ നാട്ടുമുഴുവൻ അതായിരുന്നു ചർച്ച ..അവൾ കരാർ കൊടുത്തതുപോലെ ജോലിയിൽ കയറാൻ വേണ്ടി രാവിലെ തന്നെ പുറപ്പെട്ടു ....അതേസമയം ഇന്നലെ അയാളുടെ വീട്ടിൽ കയറിയ അവളെ കുറിച്ച് ആയിരുന്നു നാട്ടുകാരുടെ നാവുകൾ .....അവൾ പട്ടണത്തിലൂടെ നടന്നു നീങ്ങുമ്പോൾ എല്ലാവരും അവളെ വല്ലാതെ നോക്കുന്നുണ്ടായിരുന്നു ....അവൾ അതൊന്നും ശ്രദ്ധിച്ചതേയില്ല ....അവളുടെ ജീവിതത്തിൽ പുതിയൊരു മാറ്റം വരണം...അവളുടെ മനസ്  മുഴുവൻ അതാണ്...അവളുടെ മാതാവ് നിറയെ ചിരിച്ചു കാണണം, എൻറെ സഹോദരിയെ പഠിപ്പിച്ചു ഒരു നല്ല നിലയിൽ എത്തിക്കണം ...ഇതൊക്കെ മാത്രമേ അവളുടെ ചിന്തകളിൽ നിറഞ്ഞുനിൽക്കുന്നത്..... അങ്ങനെ ആ വീടിന്റെ മുറ്റത്ത് രണ്ടാമതും അവളുടെ കാൽപാദങ്ങൾ തട്ടി ...എന്നാൽ അവൾ അറിഞ്ഞിരുന്നില്ല ഒരു



മുഖത്തിനിരയായായാണ് താൻ വന്നതെന്ന് ....അയാൾ അവളെ അകത്തേക്ക് ക്ഷണിച്ചു...വരൂ...വീട് നിറയെ പണികൾ ഇരിക്കുന്നു ,ആദ്യം അത് ചെയ്തുതീർക്കാം.....അവൾ അകത്തേക്ക് കയറി... മുമ്പോട്ടേക്ക് കാലുകൾ നീങ്ങി ....അവൾ അയാളോട് അന്വേഷിച്ചു ഈ വീട്ടിലെ ബാക്കി അംഗങ്ങൾ എവിടെയെന്ന്..... അവർ പ്രാർത്ഥനയ്ക്കായി പുറത്തു പോയിരിക്കുകയാണ്...എന്നയാൾ മറുപടിയായി പറഞ്ഞു. ഇപ്പോൾ തന്നെ തിരിച്ചെത്തും എന്ന് കൂട്ടിച്ചേർത്തു. ശേഷം അയാൾ കതകുകൾ അടയ്ക്കാൻ തുടങ്ങി.... നിങ്ങൾ എന്തിനാണ് കകകടക്കുന്നത്..... തുറക്കു ....എനിക്ക് പോകണം ....എന്ന് അവൾ ഉരുവിട്ടു ...പക്ഷേ ആ ക്രൂരഹൃദയം അതൊന്നും കാര്യമാക്കാതെ, പോയി പണിയെടുക്കു പെണ്ണേ എന്ന് പറഞ്ഞ് അവളുടെ നേരെ നീങ്ങാൻ ശ്രമിക്കുമ്പോൾ കയ്യിൽ കിട്ടിയ ഫ്ലവർ പോട്ട് അയാൾക്ക് നേരെ എറിഞ്ഞ് ഒരു നിമിഷം പോലും അവിടെ നിൽക്കാതെ അവൾ ഓടിമറയുകയായിരുന്നു ...പക്ഷേ അന്ന് അവൾ രക്ഷപ്പെട്ടെങ്കിലും അവളുടെ കാതുകൾക്ക് പിന്നീട് സമാധാനം ഉണ്ടായില്ല.... അവൾക്ക്  പിന്നീട് ഏത് നേരവും വിങ്ങിപ്പൊട്ടാനല്ലാതെ വേറൊന്നിനും സമയം ലഭിച്ചില്ല ....അവസാനം അവൾ അവിടെനിന്ന് നാട്ടുവിടാൻ തീരുമാനിച്ചു... തന്റെ കുടുംബത്തെ നല്ല രീതിയിൽ നോക്കണം ...എവിടെയെങ്കിലും പോയി ജോലിയെടുത്ത് ജീവിക്കണം ...തന്റെ മാതാവ്  പിതാവിന്റെ യാത്രയ്ക്ക് ശേഷം മാനസികമായി തളർന്ന നിലയിലാണ് ....അതുകൊണ്ടുതന്നെ മകളുടെ തീരുമാനത്തിൽ മറുചോദ്യം ഒന്നുമില്ലാതെ സമ്മതിച്ചു ....അവൾ ഇറങ്ങുകയാണ് ....കളിചിരികളെല്ലാം കഴിഞ്ഞുപോയ തന്റെ വീട്ടിൽനിന്ന് ...തന്റെ നാട്ടിൽനിന്ന് ...അത്രയും സഹികെട്ടാണ് അവൾക്ക് ഈ തീരുമാനം എടുക്കേണ്ടി വന്നത്.... അവൾ ഇറങ്ങാൻ വേണ്ടി നോക്കുമ്പോൾ തന്റെ മാതാവ് മാതാവിന്റെ കൈവിരലുകളിൽ തന്റെ പ്രിയതമൻ  സമ്മാനിച്ച സ്വർണ്ണനിറത്താൽതിളങ്ങി നിൽക്കുന്ന മോതിരം വിരലുകളിൽ നിന്ന് വേർപെടുത്തി  മകൾക്ക് നേരെ നീട്ടിക്കൊണ്ട്

നീ തിരിച്ചു വരണം എന്ന് മാത്രം പറഞ്ഞുകൊണ്ട് അവളെ യാത്രയാക്കി .....
കുറെ വർഷങ്ങൾക്കിപ്പുറം അവൾ തിരികെ എത്തിയിരിക്കുകയാണ് ...തന്റെ ബാല്യകാലം സ്വർഗ്ഗമാക്കിയ എന്നാൽ തന്റെ  യൗവനം നരകമാക്കിയ നാട്ടിലേക്ക് .....വെറും കയ്യോടെ അല്ല ....അവളുടെ പേരിനു മുമ്പിൽ ഡോക്ടർ എന്ന പദം ചേർത്ത സർട്ടിഫിക്കറ്റുമായി ....എന്താണ് അവൾക്ക് സംഭവിച്ചതെന്നല്ലേ ...അവൾ അവളുടെ കയ്യിലുള്ള പണവും അമ്മ നൽകിയ സ്വർണമോതിരവും കൊണ്ട് ഒരുലഭാവി തന്നെ സൃഷ്ടിച്ചാണ് ആ വീട്ടിൽ നിന്നിറങ്ങിയത് ...എല്ലാം അവൾ വിചാരിച്ചത് പോലെ തന്നെ നടന്നു... അവൾ തിരികെ വരണം എന്ന് കരുതിയിരുന്നില്ല ....പക്ഷേ അവൾ ചിന്തിച്ചു എന്തിന് ഞാൻ പോകാതിരിക്കണം... ഞാൻ തെറ്റ് ചെയ്തില്ലല്ലോ ....അവരല്ലേ തെറ്റിദ്ധരിച്ചിരിക്കുന്നത് ....എല്ലാ സത്യങ്ങളും തുറന്നു പറയണം ....എന്നെപ്പോലുള്ള പെൺകുട്ടികൾ സംരക്ഷിക്കപ്പെടണം .....പിന്നെ ക്രൂരമായ ഹൃദയങ്ങൾ നശിപ്പിക്കപ്പെടണം ....അതിനായാണ് അവൾ വന്നത്...പക്ഷേ എന്നിട്ടും നാട്ടുകാർക്ക് ഒരു മാറ്റവും സംഭവിച്ചില്ല ....നാട്ടിലൂടെ നടന്നു നീങ്ങുമ്പോൾ ഓരോന്നും പിന്നെയും കെട്ടി ഉണ്ടാക്കാൻ തുടങ്ങിയിരുന്നു.....അവളിപ്പോൾ അതൊന്നും കാര്യമാക്കാറില്ല ....കാരണം ഇപ്പോൾ അവരുടെ ജീവിതത്തിൽ പ്രകാശം കൊണ്ട് നിറഞ്ഞിരിക്കുകയാണ് ....അവളുടെ കുടുംബം സന്തോഷത്തിലും സമാധാനത്തിലും ആണ് .....പഴയതുപോലെ എല്ലാം ഒന്ന് നേരെ ആയത് പോലെ അവർ പുഞ്ചിരിക്കുകയാണ്...... റെഡി.... വൺ...... ടൂ..... ത്രീ..... പിതാവ് ഇല്ലാത്ത പുഞ്ചിരി നിറഞ്ഞ ആദ്യത്തെ കുടുംബചിത്രം അവൾ അവളുടെ മുറിയുടെ ച്ചുമരിൽ പതിപ്പിച്ചു ..



# മാഞ്ഞുപോയ ബാല്യം

ചിന്താഗതികൾ മാറിമറിയാൻ തുടങ്ങുമ്പോൾ ഓർമ്മകൾ ഒരു കൂട്ടം കൂട്ടി താമസം തുടങ്ങി ......ഒരുനാൾ ഞാൻ അതിനെ ആഴക്കടലിൽ ഒഴുക്കി...... പിന്നീട് അത് തിരിച്ചെടുക്കാനായി നീന്തി .......ആഗ്രഹിച്ചു ....ഒരിക്കലും തിരികെ കിട്ടിയില്ലെന്നറിഞ്ഞിട്ടും........ ഇന്ന് ഞാൻ തിരിച്ചറിയുന്നു അതൊരു മാന്ത്രിക ലോകം ആയിരുന്നു എന്ന് .......






Fidha Fathima( 9A)

# ചിരവ

കവിത




ചിരവ അടുക്കളയിലേക്ക് ഒരു
ഉപകരണമാണ് .
അമ്മയ്ക്ക് പ്രതിഷേധത്തിനുള്ള
ആയുധവുമാണ് ...
അമ്മ അനിഷ്ടക്കാരിയാകുമ്പോൾ
ചിരവ തേങ്ങാമുറിയോട്
കലഹിച്ചു കൊണ്ടേയിരിക്കും.
പ്രതിഷേധത്തിന്റെ ഭാഷ വീട്ടുകാർ
വായിച്ചെടുക്കണം.
അപ്പോൾ,
അച്ഛൻ ടിവി ഓഫ് ചെയ്ത
കിടപ്പുമുറിയിലേക്ക് ഊളിയിടും.
മകൾക്കൊപ്പം
അവളുടെ മൊബൈലും
എനിക്കിതിൽ പങ്കില്ലേ എന്ന് മട്ടിൽ
സൈലൻറ് മോഡിലേക്ക്
ഉൾവലിയും.
എന്നാലും,
ചിരവയും തേങ്ങാമുറിയും കൂടി
അമ്മയുടെ മനസ്സിന്റെ ശബ്ദം ഉറക്കെ
കേൾപ്പിപ്പിച്ചു കൊണ്ടേയിരിക്കും.
അമ്മ മാത്രം ചിലപ്പോൾ ആ ശബ്ദം
കേട്ടെന്ന് വരില്ല.
അമ്മയുടെ ആകുലതകളും ചിരവ
ഉറക്കെ പറയും.
ചിലപ്പോൾ സമയമേറെ എടുത്താണ്
ചിരവയുടെ ശബ്ദം
കേൾക്കുന്നതെങ്കിൽ
ഊഹിക്കണം
അടുക്കള ചിന്തയിലാണെന്ന് ..
ആ ചിന്തയിൽ നിന്നുണരുമ്പോഴാണ്
ചിരവ ഇടവേളകളിൽ
ശബ്ദിക്കുന്നതെന്ന്..... ഇനി
തുടർച്ചയായുള്ള
ഇടവേളകളില്ലാതെ
ചിരവയും ചിരട്ടയും
കലഹിച്ചുകൊണ്ടിരിക്കുന്നെങ്കിൽ
അച്ഛൻ ടിവിയുടെ വോളിയം
കൂട്ടിവെക്കും
മകളുടെ ഫോണിൽ കാമുകന്റെ
മെസ്സേജുകൾ
വെള്ളത്തുള്ളികൾ പോലെ ഇറ്റി
വീഴുന്നത് കേൾക്കാം.
അപ്പോഴും അമ്മയുടെ ശബ്ദം
ആർക്കും തിരിച്ചറിയാൻ കഴിഞ്ഞില്ല ;
ചിരവക്കല്ലാതെ................



ജിഷ പി
HST Malayalam
GHSS Chittariparamba

# വർണ്ണങ്ങളുടെ ലോകം



Achal S Prajod
10B



Shibin K
10E



Devika Shaji
9C



Niya Sujith
9C




Gopika
9C



Sradha P P
9D



Riya Lubna
8B



Devanandan(9B)

# Dreams



Neha Mehbin
+1 Science

*In depth of storm*
*of my madness*
*I quenched for peace*
*For my soul is a disheveled knave*
*bearing my incomplete yet burning dreams*
*They closed me, swayed me like*
*a mindless intruder,*
*trespassing my mind with a luscious love*
*I know my heart aches to*
*swim beneath the rainbow*
*so high*
*and dive through a world of wonders.*
*Where dreams touch the sky*
*But my demons started*
*And I grew disheartened*
*But what if you fail and*
*what if you fall?*
*Oh!but darling,what if you fly?*
*What if you'll be souring up*
*high in the sky...*
*What if you free you dipped wings*
*and sing till you cry*
*What if you never believed*
*their precarious precipice of lies*
*What if your dreams were*
*never gonna be find goodbyes*
*Thats when it broke and I awoke*
*and felt myself engulfed in a strange euphoric*
*But I knew this feelings all to well*
*This was the begining of*
*an old ending....*



# LITTLE KITES FAMILY

## 2021-24 BATCH



## 2022-25 BATCH



## 2023-26 BATCH




# നമ്മുടെ സാരഥികൾ



Sanitha P S
Little KITE Mistress



Sahila N C
Little KITE Mistress

# തത്തമ്മ

പാറി നടക്കും തത്തമ്മെ
പാവം തത്തമ്മേ
പാടത്തെത്താൻ കൊതിയായൊ
പാട്ടുപാടാൻ അറിയാമോ



പച്ചയുടുപ്പ് തുന്നിയതാര്
പട്ടം പോലെ പറക്കാനോ
പല്ലുകളുണ്ടോ തത്തമ്മെ
കതിരുകളുണ്ണാൻ പോകുന്നോ

Aswathi P
6D

# നിങ്ങൾക്കറിയാമോ?



| | |
|---|---|
| IP | ഇന്റർനെറ്റ് പ്രോട്ടോകോൾ |
| PDF | പോർട്ടബിൾ ഡോക്യുമെന്റ് ഫോർമാറ്റ് |
| PROM | പ്രോഗ്രാമബിൾ റീഡ് ഒൺലി മെമ്മറി |
| SIM | സബ്സ്ക്രൈബർ ഐഡന്റിറ്റി മോഡ്യൂൾ |
| UNIVAC | യൂണിവേഴ്സൽ ആട്ടോമാറ്റിക് കമ്പ്യൂട്ടർ |
| URL | യൂണിഫോം റിസോഴ്സ് ലൊക്കേറ്റർ |
| ASCII | അമേരിക്കൻ സ്റ്റാൻഡേർഡ് കോഡ് ഫോർ ഇൻഫർമേഷൻ ഇന്റർചേഞ്ച് |
| BCR | ബാർകോഡ് റീഡർ |
| BIOS | ബേസിക് ഇൻപുട്ട് ഔട്ട്പുട്ടസിസ്റ്റം |
| COBOL | കോമൺ ബിസിനസ് ഓറിയഡേർസ് ലാംഗ്വേജ് |
| CRT | കാഥറോഡ് റേ ട്യൂബ് |
| CAD | കമ്പ്യൂട്ടർ എയിഡഡ് ഡിസൈൻ |
| DDL | ഡാറ്റാ ഡെനിഷൻ ലാംഗ്വേജ് |
| DML | ഡേറ്റാ മാനിപുലേഷൻ ലാംഗ്വേജ് |
| EPROM | ഇറേസബിൾ പ്രോഗ്രാമബിൾ റീഡ് ഒൺലി മെമ്മറി |
| FMS | ഫയൽ മാനേജ്മെന്റ് സിസ്റ്റം |
| GPRS | ജനറൽ പാക്കറ്റ് റേഡിയോ സർവ്വീസ് |
| GUI | ഗ്രാഫിക്കൽ യൂസർ ഇന്റർഫേസ് |
| HTML | ഹൈപ്പർ ടെക്സ്റ്റ് മാർക്കപ്പ് ലാംഗ്വേജ് |



Dishal K
8H

# ഒന്നും മിണ്ടാതെ

കഥ

"മോളെ മാലൂ... ഞാൻ എത്ര നേരമായി ഇങ്ങനെ വിളിക്കണു? ഈ ചോറ് ഇവിടെ എടുത്തു വച്ചിട്ട് നേരം കുറെയായി .ഇതിപ്പോ തണുത്ത് ഐസ് ആയി കാണും .ഇനിയും നീ വന്നില്ലെങ്കിൽ എന്റെ വടിയായിരിക്കും ഇനി ചോദിക്കുക" .
അമ്മ അടുക്കളയിൽ നിന്ന് ഉറക്കെ വിളിച്ചുപറഞ്ഞു .
പക്ഷേ മാലു എങ്ങനെ കേൾക്കാൻ... അവളുടെ ചെവികൾ ഇയർഫോണുകളും കണ്ണുകൾ തന്റെ കയ്യിലെ മായാലോകവും കീഴടക്കിയിട്ട് നേരം എത്രയായി .എപ്പോഴും ആ മായാലോകത്തിനുള്ളിലാണ് .അതിന്റെ ഫലമായി മാലതിയുടെ കണ്ണുകൾ കണ്ണടകളാൽ ചുറ്റപ്പെട്ടു കിടക്കുന്നു .
എന്തുപറഞ്ഞാലും അവൾ കേൾക്കാറില്ല .ഒന്നും അവൾ അറിയാറുമില്ല...
പത്താംക്ലാസിൽ ഫുൾ എ പ്ലസ് നേടിയപ്പോൾ ഗൾഫിലെ മാമൻ സമ്മാനിച്ചതാണ് അവൾക്ക് മായാലോകം പഠനത്തിൽ വളരെ മികച്ച വിദ്യാർഥിയായിരുന്നു ...മാലതി പഠനത്തിൽ മാത്രമല്ല , പാഠ്യേതര പ്രവർത്തനങ്ങളിലും മാലതി മുന്നോട്ടുതന്നെയായിരുന്നു .



എന്നാൽ ഇന്ന് അവർക്ക് ക്ലാസുകളിൽ ശ്രദ്ധ കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല .ക്ലാസുകളിൽ അധ്യാപകർ പഠിപ്പിച്ചു നൽകുന്ന സിദ്ധാന്തങ്ങൾ അവരുടെ കാതുകളിൽ കയറി ഒളിച്ചെങ്കിലും അത് മനസ്സിൽ കയറി സുല്ലിടാൻ തയ്യാറായില്ല .അവളുടെ മനസ്സ് എപ്പോഴും താൻ കളിച്ച ഗെയിമുകളും റീലുകളും തേടിക്കൊണ്ടിരുന്നു . ഇതിനോടല്ലാതെ മറ്റൊന്നിനോടും താൽപര്യമില്ലാത്തവളായി മാറി .അവൾ കൂട്ടുകൂടുന്നത് മാംസമുള്ള മനുഷ്യനെക്കാൾ ഗെയിമുകളിലെ വിർച്വൽ കൂട്ടുകാരോടായിരുന്നു ..
രേഖയുടെയും രാജുന്റെയും ഒരുപാട് കാലത്തെ പ്രാർത്ഥനയുടെ ഫലമായി ഉണ്ടായവളാണ് മാലതി. ഒരു കുഞ്ഞിനായി അവർ ഒരുപാട് ആരാധനാലയങ്ങളിൽ പ്രാർത്ഥിച്ചു .അനവധി വൈദ്യസഹായം

തേടുകയുണ്ടായി. അങ്ങനെ ഒരു പ്രളയകാലത്ത് രാജൻ രക്ഷാപ്രവർത്തനത്തിന് പോയതായിരുന്നു .അന്ന് രാജൻ ഒരുപാട് പേരുടെ ജീവിതങ്ങൾ രക്ഷിച്ചു എന്നാൽ തന്റെ ജീവനെ ശ്രദ്ധിക്കാൻ



രാജൻ എപ്പോഴോ മറന്നുപോയി .അവൻ ശാസ്ത്രജ്ഞൻ കണ്ടുപിടിക്കാത്ത ഏതോ ലോകത്തേക്ക് പറന്നകന്നു. ഒരുപാട് ജീവിതങ്ങളെ കാലനിൽ നിന്ന് തട്ടിപ്പറിച്ചുകൊണ്ട് പകരമായി അവൻ പോയി .

അന്ന് മാലതിയെ രേഖ ഒമ്പത് മാസം തന്റെ ശരീരത്തിൽ താലോലിക്കുന്ന സമയമായിരുന്നു .പിന്നീട് അവർ ഒറ്റയ്ക്കാണ് ആ കൊച്ചു വീട്ടിൽ താമസിച്ചത് . രേഖയ്ക്ക് മാലതിയും മാലതിക്ക് രേഖയും.വളരെ സന്തോഷത്തിലായിരുന്നു അവർ താമസിച്ചത്. എന്നാൽ ഈ മായാലോകം അവർക്കിടയിൽ വന്നതോടെ എന്തൊക്കെയോ സംഭവിച്ചു .മാലതിയുടെ കൂടെ എപ്പോഴും അമ്മയുണ്ട്. എന്നാൽ അമ്മയോട് സംസാരിക്കാൻ ആരാണുള്ളത് .ഒടുവിൽ ഭക്ഷണം ഒട്ടും കഴിക്കാതെ നിന്ന മാലതിയെ അമ്മ ഒരുപാട് തല്ലി .അവളെ അങ്ങനെ ഒരിക്കലും തല്ലാറില്ല .വഴക്കും പറയാറില്ല ....എന്നാൽ ഇന്ന് അമ്മയ്ക്ക് സഹിക്കാൻ കഴിഞ്ഞില്ല .തന്റെ മകൾ ഒരിടത്ത് ശരീരം ഭക്ഷണത്തിനായി അപേക്ഷിക്കുന്നത് കേൾക്കാതെ മനസ്സിന്റെ സാങ്കൽപ്പിക സന്തോഷത്തിനായി അലയുകയാണ് ..ആ സന്തോഷം തന്റെ ഉള്ളിൽ തന്നെയാണ് ഉള്ളത് എന്ന് അറിയാതെ ...അവൾ ഒറ്റയ്ക്ക് ഇരിക്കുന്നു. ..ഇപ്പോഴും മാലതി ഒന്നും മിണ്ടുന്നില്ല........

Yuthika Ranjith
8C



# Camera Clicks.....









Amruthjith
10B

# എന്റെ ടീച്ചർ

കവിത

അക്ഷരങ്ങൾക്ക് മധുരമുണ്ടെന്ന്
ചൊല്ലിത്തന്നതാരോ..

അനുഭവങ്ങൾക്ക് കയ്പ്പേറുമെന്ന്
പഠിപ്പിച്ചതാരോ..

ഇനിയും വായിക്കാത്ത താളുകൾ
എൻ പുസ്തകത്തിലുണ്ടെന്നാലതു
കീറിക്കളയാൻ പാടില്ലെന്നു ചൊല്ലിയതും........

കണ്ണുകൾ നോക്കി
മിണ്ടാൻ പഠിപ്പിച്ചതും....

കണ്ണുനീർ കണ്ടാൽ
തുടയ്ക്കാൻ പഠിപ്പിച്ചതും.....

കലഹത്തിനുള്ളിലെ സ്നേഹം കാണാനും...

ചിരിക്കു പിന്നിലെ ചതി കാണാനും
പഠിപ്പിച്ചതാരോ..

തോൽവി കണ്ടാൽ കരയരുതെന്നും ....

ജയിച്ചു വന്നാൽ അഹന്ത പാടില്ലെന്നും....

എല്ലാം പഠിപ്പിച്ചു തന്നതെൻ ടീച്ചർ....



Parthiv Rijith
10B

# അന്ത്യചുംബനം

തണുത്തുറഞ്ഞ വിരലുകൾ ചേർത്തുപിടിച്ചപ്പോൾ
ഞാനറിഞ്ഞു
വറ്റാത്ത സ്നേഹത്തിന്റെ തിളയ്ക്കുന്ന ചൂട്.
ചുളിവു വീണ നെറ്റിത്തടങ്ങളിൽ ചുണ്ടമർത്തയപ്പോൾ
ഞാനറിഞ്ഞു
എനിക്കായി ഒഴുകിയ വിർപ്പിന്റെ ഉപ്പുരുചി.
അവസാനമായി ഒഴുകിയ കണ്ണുനീർത്തുള്ളി
കൈവിരലാൽ തുടച്ചപ്പോൾ
ഞാനറിഞ്ഞു
എന്നും കരുതലായി ഉണർന്നിരുന്ന മിഴികൾ
ഇനി ഒരിക്കലും തുറക്കില്ലെന്ന് ....
ഏങ്ങോട്ടെന്നറിയാതെ വെള്ളത്തുണിയിലൂടെ
നടന്നു തുടങ്ങിയ ഉറുമ്പിനെ തട്ടിക്കളയുമ്പോൾ
ഞാനറിഞ്ഞു
ഏന്നെ തഴുകിയുറക്കിയ കൈകൾ
ഇനി ഒരിക്കലും അനങ്ങില്ലെന്ന്....
ലോകമേ.. നീ എനിക്കായി കരുതിയത്
സ്നേഹം മാത്രം നിറഞ്ഞ ഈ ഹൃദയം....
ഇത്.. എനിക്ക് ജൻമം നൽകിയ പുണ്യാത്മാവിന്
ഞാൻ നൽകുന്ന അന്ത്യചുംബനം.



Sanitha P s
HST Physical Science

ലിറ്റിൽ കൈറ്റ്സ് 2022-25 ബാച്ചിന്റെ ഈ
ചെറിയ ഉദ്യമം പൂർത്തീകരിക്കാൻ ഞങ്ങളെ
സഹായിച്ച ഏവർക്കും നന്ദി
അർപ്പിക്കുന്നു....ഞങ്ങൾ പഠിച്ച കാര്യങ്ങൾ
ഉപയോഗപ്പെടുത്താനും കൂട്ടുകാരുടെയും
അധ്യാപകരുടെയും ഭാവനകളും ചിന്തകളും
നിങ്ങളുടെ മുന്നിൽ എത്തിക്കാൻ കഴിഞ്ഞതിലും
ഞങ്ങൾക്കേറെ സന്തോഷമുണ്ട്.. തെറ്റുകൾ
ഉണ്ടാവാം ....കുറവുകൾ ഉണ്ടാവാം.....ക്ഷമിക്കുക....

